നമ്പർ എഫ്.ഐ.ബി. (3)36/08.

ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ,
ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,
വഴുതയ്ക്കാട്,
തിരുവനന്തപുരം.

## പത്രക്കുറിപ്പ്

## പ്രകൃതി പഠന ക്യാമ്പുകൾ

സംസ്ഥാന വനംവകുപ്പ് വിദ്യാർത്ഥികൾക്കും വനസംരക്ഷണ സമിതി പ്രവർത്തകർക്കും സന്നദ്ധ സംഘടനകൾക്കും നടപ്പാക്കിവരുന്ന പ്രകൃതി പഠന ക്യാമ്പുകൾ കൂടുതൽ സുതാര്യവും, ഫലപ്രദവുമായി നടപ്പാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

തിരുവനന്തപുരം, ചെന്തുരുണി, പെരിയാർ ഈസ്റ്റ്, പെരിയാർ വെസ്റ്റ്,ഇടുക്കി, മൂന്നാർ, പീച്ചി, പറമ്പികുളം, സൈലന്റ്‌വാലി, വയനാട്, ആറളം എന്നീ വൈൽഡ്ലൈഫ് വാർഡൻമാരുടെ നിയന്ത്രണത്തിൽ കേരളത്തിലെ 20 സംരക്ഷിതമേഖലകളിലും പ്രകൃതിപഠന ക്യാമ്പുകൾ വർഷം മുഴുവനും നടത്തുന്നതാണ്. സർക്കാർ അംഗീകൃത വിദ്യാലയങ്ങളിലെ തലവൻമാർ, പരിസ്ഥിതി ക്യാമ്പുകളിൽ പങ്കെടുക്കുന്നതിനുള്ള അപേക്ഷ നിർദ്ദിഷ്ട ഫോറത്തിൽ ബന്ധപ്പെട്ട വൈൽഡ്ലൈഫ് വാർഡൻമാർക്ക് സമർപ്പിക്കേണ്ടതാണ്. ലഭിക്കുന്ന അപേക്ഷയുടെ മുൻഗണനാക്രമം അനുസരിച്ച് 2 - 3 ദിവസം ദൈർഘ്യമുള്ള ക്യാമ്പുകളാവും അനുവദിക്കുക. പരമാവധി 40 പേർക്ക് ഓരോ ക്യാമ്പിലും പങ്കെടുക്കാവുന്നതാണ്. പഠനക്യാമ്പുകളിൽ വനം പരിസ്ഥിതി രംഗത്തെ വിദഗ്ദർ ക്ലാസ്സുകൾ നയിക്കും. അതതുവന്യജീവി സങ്കേതത്തോടു ചേർന്നുള്ള പ്രദേശങ്ങളിലെ അപേക്ഷകർക്ക് മുൻഗണന ഉണ്ടായിരിക്കും.

പ്രകൃതി പഠന ക്യാമ്പുകളിൽ പങ്കെടുക്കുന്നതിന് വിദ്യാലയ അധികൃതർ അതതുജില്ലയിലെ വൈൽഡ്ലൈഫ് വാർഡൻമാർക്കും തദ്ദേശവാസികൾ കൺസർവേറ്റർ അഥവാ ഫീൽഡ് ഡയറക്ടർക്കും മറ്റ് വിഭാഗങ്ങളിൽപ്പെട്ടവർ ചീഫ് വൈൽഡ്ലൈഫ് വാർഡനുമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ ഒരു മാസം മുൻപേ സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ മാതൃക, വനംവകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. (www.keralaforest.org) ക്യാമ്പിന്റെ ലഭ്യത ബന്ധപ്പെട്ട വൈൽഡ്ലൈഫ് വാർഡനിൽ നിന്നും അറിയാവുന്നതാണ്.

തിരുവനന്തപുരം.
തീയതി: 21.05.08.

ചീഫ് വൈൽഡ് ലൈഫ് വാർഡൻ.

**Annexure - I**

# KERALA FORESTS & WILDLIFE DEPARTMENT
# APPLICATION FORMAT FOR NATURE EDUCATION CAMP

| | | |
|---|---|---|
| 1. | Name of Institution | |
| 2. | Address of the Institution,<br>Telephone No., E.mail ID | |
| 3. | Name and Address of the Group Leader with Telephone No., Mob. No. etc. | |
| 4. | Target Group (Students, Youth, EDC Members, Social Workers etc.) | |
| 5. | No. of participants | Male: ........ Female: ........ |
| 6. | Name of the WLS/NP proposed for the Camp | |
| 7. | Duration of Camp * | 3 Days / 2 Days. (Please tick) |
| 8. | Proposed date/s | |
| 9. | Whether the institution has availed Nature Camps earlier. | Yes / No (Please tick) |
| 10. | If so, furnish details.<br>(i). Name of Wildlife Sanctuary / NP<br>(ii). Date of Camp<br>(iii). No. of participants. | |
| 11. | Whether any Nature Club / Eco Club is functioning under the institution; if so, give details. | |

## Undertaking

I / We, ............................ (Name) hereby undertake on behalf of the said institution/team that we shall abide by the conditions as per the existing laws pertaining to Forests & Wildlife, orders of the Forest Officers in charge of the jurisdiction and maintain discipline throughout the course of the nature camp.

Place:................ Sd/-
Date: ................ Head of Institution

(Seal).

---

**FOR OFFICE USE**

**Sl.No. of Camp: .............** **Name &**
**Date allotted: .............** **Signature of the Camp Organizer**

---

*. *3 days nature camp though extending over 3 days actually starts on the evening of the 1st day and concludes after lunch on the 3rd day. Generally these camps are preferred over the other, which starts on the evening of the 1st day and get over after lunch on the 2nd day.*